# കേരളസർവകലാശാല

നം.പി.ആർ.124/2023 തിരുവനന്തപുരം, തീയതി: 21/06/2023

## പത്രക്കുറിപ്പ്

## പി.ജി. പ്രവേശന പരീക്ഷയുടെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് 2023-24 വർഷത്തെ പി.ജി. പ്രവേശന പരീക്ഷയുടെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് **(admissions.keralauniversity.ac.in/css2023)** ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂലൈയിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം/ബി.എച്ച്.എം.സി.റ്റി.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി 2023 ജൂലൈ 3 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷത്തീയതി മാറ്റി

കേരളസർവകലാശാല 2023 ജൂൺ 23 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എ.എച്ച്.ആർ.എം./എം.എം.സി.ജെ./എം.റ്റി.റ്റി.എം. പരീക്ഷകൾ ജൂലൈ 3 ലേക്കും, രണ്ടാം വർഷ ആന്വൽ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ. പരീക്ഷകൾ ജൂലൈ 18 ലേക്കും, രണ്ടാം വർഷ ആന്വൽ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.കോം. പരീക്ഷകൾ ജൂലൈ 10 ലേക്കും മാറ്റിയിരിക്കുന്നു. പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആറാം സെമസ്റ്റർ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2018 സ്കീം) ജൂൺ 2023 പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ 2023 ജൂൺ 26 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈ 5 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ഡെസ് പരീക്ഷാടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ/ ബി.സി.എ./ബി.എ./ബി.എസ്‌സി./ബി.കോം./ബി.പി.എ./ബി.എസ്.ഡബ്ല്യൂ./ബി.വോക്./ബി.എം. എസ്. കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പി ച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2023 ജൂൺ 22 മുതൽ ജൂലൈ 1 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ III (മൂന്ന്) സെക്ഷനിൽ ഹാജരാ കേണ്ടതാണ്.

## സൂക്ഷ്മപരിശോധന – തീയതി പുനഃക്രമീകരിച്ചു.

കേരളസർവകലാശാല 2023 ജൂൺ 5 ന് പരീക്ഷാഫലം പ്രസിദ്ധീകരിച്ച ഒന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര) എൽ.എൽ.ബി, ജൂൺ 2022 (SLCM – 2021 അഡ്മിഷൻ) പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധ നയ്ക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി 2023 ജൂൺ 24 ലേക്ക് പുനഃക്രമീ കരിച്ചിരിക്കുന്നു.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്‌സി./ബി.കോം. (ന്യൂജ നറേഷൻ ഡബിൾ മെയിൻ ഡിഗ്രി പ്രോഗ്രാം) (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂ വ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ), ജൂലൈ 2023 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീ കരിച്ചു. പിഴകൂടാതെ ജൂൺ 26 വരെയും 150 രൂപ പിഴയോടെ ജൂൺ 30 വരെയും 400 രൂപ പിഴ യോടെ ജൂലൈ 3 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈ റ്റിൽ.

## വാക് –ഇൻ – ഇന്റർവ്യൂ

കേരളസർവകലാശാല കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീറിംഗിൽ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനായി 2023 ജൂൺ 26 ന് 10.30 AM മുതൽ കോളേജിൽ വച്ച് വാക് –ഇൻ – ഇന്റർവ്യൂ നടത്തുന്നു. കമ്പ്യൂട്ടർ സയൻസിൽ 60% മാർക്കോടെ ME/MTech യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**9188526675**
**Whats App No. 8547330240**